പതിമൂന്നാം കേരള നിയമസഭ

ഒമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ. 197 — 18.06.2013-ൽ മറുപടിയ്ക്ക്

# വൈദ്യുതിബോർഡിന്റെ സാമ്പത്തിക നില

ചോദ്യം

ശ്രീ. ജെയിംസ് മാത്യു :
,, എ. കെ. ബാലൻ :
'' രാജു എബ്രഹാം :
'' കെ. കെ. ജയചന്ദ്രൻ :

ഉത്തരം

ശ്രീ. ആര്യാടൻ മുഹമ്മദ്
(ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി)

| ചോദ്യം | ഉത്തരം |
| --- | --- |
| (എ) വൈദ്യുതിബോർഡിന്റെ സാമ്പത്തികനില പ്രതിസന്ധിയിലാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) നിലവിൽ എത്ര രൂപയുടെ 'അൺകവേർഡ്' റവന്യൂ ഗ്യാപ്പാണ് ബോർഡിനുള്ളത്; | (ബി) വൈദ്യുതി ബോർഡിൻെറ 2011-12 വരെ സി ആൻറ് എ. ജി ഓഡിറ്റ് ചെയ്ത് അംഗീകരിച്ച അക്കൗണ്ടുകൾ പ്രകാരവും, 2012-13 ലേക്ക് എസ്റ്റിമേറ്റ് ചെയ്ത പ്രൊവിഷണൽ അക്കൗണ്ടുകൾ പ്രകാരവും 2003-04 മുതൽ 2012-13 മാർച്ച് 31 വരെയുള്ള സഞ്ചിത വരുമാന കമ്മി ഏകദേശം 9931.11 കോടി രൂപയാണ്. എന്നാൽ കമ്മീഷൻ അംഗീകരിച്ച കണക്കുകൾ പ്രകാരം 31-03-2013 വരെയുള്ള സഞ്ചിത വരുമാന കമ്മി 1737.92 കോടി രൂപയാണ്. |
| (സി) 2012 ജൂലൈ മുതലുണ്ടായ വൈദ്യുതി ചാർജ്ജ് വർദ്ധനവിൽ പ്രതിമാസം 25 കോടി രൂപ വീതം സബ്സിഡി നൽകാമെന്ന സർക്കാരിന്റെ തീരുമാനപ്രകാരം ഇതുവരെ ബോർഡിന് എത്ര തുക നൽകി; കുടിശ്ശിക എത്ര; | (സി) സർക്കാർ 2012 ആഗസ്റ്റ് 6-ാം തീയതിയിലെ (എം. എസ്) 18/2012/ഊ. വ നമ്പർ ഉത്തരവിലൂടെ സംസ്ഥാനത്തെ പ്രതിമാസം 120 യൂണിറ്റ് വരെ ഉപയോഗിക്കുന്ന എല്ലാ ഗാർഹിക ഉപഭോക്താക്കളെയും എല്ലാ കാർഷിക ഉപഭോക്താക്കളെയും 2012 ജൂലൈ 1 മുതൽ കമ്മീഷൻ അംഗീകരിച്ച താരിഫ് വർദ്ധനവിൽ നിന്നൊഴിവാക്കാനും ടി നടപടി വഴി വൈദ്യുതി ബോർഡിനുണ്ടാകുന്ന വരുമാന നഷ്ടം 2003-ലെ ഇലക്ട്രിസിറ്റി ആക്ടിലെ സെക്ഷൻ 65 അനുസരിച്ച് ക്യാഷ് സബ്സിഡിയായി പ്രതിമാസം 25 കോടി രൂപ വീതം നൽകാനും തീരുമാനിച്ചിരുന്നു. ആയതിൻ പ്രകാരം 25 കോടി രൂപ സബ്സിഡിയായി 2012 ഡിസംബറിൽ വൈദ്യുതി ബോർഡി |

ന് നൽകുകയുണ്ടായി. സബ്സിഡി നൽകുമെന്ന വ്യവസ്ഥ മൂന്നു മാസങ്ങൾക്കു ശേഷം പുന:പരിശോധിക്കുന്നതാണെന്ന മുൻ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഈ വിഷയം പരിഗണിക്കുകയും 01-04-2013-ലെ ജി. ഒ (എം. എസ്) 94/2013/ഊ. വ പ്രകാരം ടി സബ്സിഡി 2013 മേയ് 31 വരെ തുടരുന്നതാണെന്ന് ഉത്തരവാകുകയും ചെയ്തു. ഇതിൻ പ്രകാരം 2013 മേയ് വരെ വൈദ്യുതി ബോർഡിന് സബ്സിഡിയായി 275 കോടി രൂപ നൽകേണ്ടതുണ്ട്. ഇതിൽ ഇതിനകം ആകെ 75 കോടി രൂപ നൽകിയിട്ടുണ്ട്. ഈ ഇനത്തിൽ 200 കോടി രൂപ കുടിശ്ശികയാണുള്ളത്.

(ഡി) വൈദ്യുതി നിയമം 2003 പ്രകാരം സബ്സിഡി മുൻകൂറായി നൽകണമെന്ന് നിബന്ധനയുണ്ടോ; എങ്കിൽ സബ്സിഡിയിൽ കുടിശ്ശിക വരുത്തുന്നത് നിയമാനുസൃതമാണോ;

(ഇ) ഇത് പരിഹരിക്കാൻ എന്തു മാർഗ്ഗമാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; വ്യക്തമാക്കുമോ?

(ഡി) & (ഇ) 2003-ലെ വൈദ്യുതി ആക്ട് സെക്ഷൻ 65 അനുസരിച്ച് സബ്സിഡി തുക വിതരണ ലൈസൻസികൾക്ക് സർക്കാർ മുൻകൂറായി നൽകണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. സർക്കാരിന്റെ സാമ്പത്തിക പരിമിതികൾക്കുള്ളിൽ നിന്നുകൊണ്ട് സബ്സിഡി നിയമമനുശാസിക്കുന്ന വിധത്തിൽ യഥാസമയം അനുവദിക്കുന്നതിനുള്ള ശ്രമമാണ് സർക്കാർ നടത്തിയിട്ടുള്ളത്.

2012-ലെ താരീഫ് വർദ്ധനവ് സംബന്ധിച്ച ഉത്തരവ് സംസ്ഥാന റഗുലേറ്ററി കമ്മീഷൻ പുറപ്പെടുവിച്ചത് 2012 ജൂലൈ മാസത്തിലാണ്. ആയതിനാൽ സബ്സിഡി തുക 2012-13-ലെ ബഡ്ജറ്റ് വിഹിതത്തിൽ ഉൾപ്പെട്ടിരുന്നില്ല. പ്രതിമാസ സബ്സിഡി 2013 മേയ് മാസം വരെ തുടരാനുള്ള തീരുമാനം കൈക്കൊണ്ടത് 2013 മാർച്ച് മാസത്തിൽ ആയതിനാൽ ഇതിനാവശ്യമായ തുക 2013-14-ലെ ബഡ്ജറ്റിലും വകയിരുത്താനായില്ല.

2013 മേയ് മാസം വരെയുള്ള കുടിശ്ശികയിൽ പരമാവധി തുക 2013-14 വർഷത്തെ ആദ്യത്തെ ബാച്ച് ഉപധനാഭ്യർത്ഥന (2013 ജൂലൈ) യിൽപ്പെടുത്തി അനുവദിക്കുന്നതിനുള്ള നടപടിക്രമം ഊർജ്ജ വകുപ്പ് പൂർത്തിയാക്കി ഇപ്പോൾ ധന വകുപ്പിന്റെ പരിഗണനയിലാണ്.

സെക്ഷൻ ഓഫീസർ.